## പ്രധാനവാർത്തകൾ

1.) രാജ്യത്തെ കർഷകർക്ക് പി.എം. കിസാൻ പദ്ധതിയുടെ 23-ാം ഗഡു വിതരണം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

2.) കർഷക ക്ഷേമത്തിനും ഗ്രാമീണ പുരോഗതിക്കുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയാണ് പി എം-കിസാനെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി.

3) വികസിത ഭാരതം സാധ്യമാക്കാൻ ലക്ഷദ്വീപിലെ ജനങ്ങൾ സജീവ പങ്കാളികളാണെന്ന് കേന്ദ്രമന്ത്രി കീർത്തിവർധൻ സിംഗ്.

4.) അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം, ദേശീയ തല പരിപാടിക്ക് കൊൽക്കത്തയിൽ പ്രധാനമന്ത്രി നേതൃത്വം നൽകും; സംസ്ഥാനത്തും വിപുലമായ പരിപാടികൾ.

5.) നീറ്റ്-യു.ജി പുനഃപരീക്ഷ നാളെ ഉച്ചയ്ക്ക് ; ശക്തമായ സുരക്ഷാ ക്രമീകരണങ്ങളുമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

6.) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

RNU TVPM

****************

**<u>പി.എം.-കിസാൻ(ഇൻട്രോ)</u>**

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പശ്ചിമ ബംഗാളിലെ താരാകേശ്വറിൽ നിന്ന് പി.എം കിസാൻ പദ്ധതിയുടെ ഇരുപത്തിമൂന്നാമത് ഗഡു വിതരണം ചെയ്തു. രാജ്യത്തെ ഒമ്പത് കോടി നാൽപ്പത്തിനാല് ലക്ഷത്തിലധികം കർഷകരുടെ അക്കൗണ്ടുകളിലേക്ക് പതിനെണ്ണായിരത്തി എണ്ണൂറ്റി എൺപത് കോടിയിലധികം രൂപയാണ് നേരിട്ട് കൈമാറിയത്. എല്ലാ പദ്ധതികളുടെയും അന്തിമ ഗുണഭോക്താക്കൾ ജനങ്ങളാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. കർഷക ക്ഷേമത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കിയെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

****************

**<u>സുരേഷ് ഗോപി-CTCRI (ഇൻട്രോ)</u>**

RNU TVPM

പിഎം കിസാൻ സമ്മാൻ നിധിയുടെ 23-ാമത് ഗഡു വിതരണത്തോടനുബന്ധിച്ച് തിരുവനന്തപുരം ശ്രീകാര്യത്തുള്ള കേന്ദ്ര കിഴങ്ങുവർഗവിള ഗവേഷണ കേന്ദ്രത്തിൽ സംഘടിപ്പിച്ച പി എം കിസാൻ ഉത്സവ് ദിവസ് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. കർഷക ക്ഷേമത്തിനും ഗ്രാമീണ പുരോഗതിക്കുമുള്ള കേന്ദ്ര സർക്കാരിന്റെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ് പിഎം-കിസാൻ സമ്മാൻ നിധിയെന്ന് അദ്ദേഹം പറഞ്ഞു. കർഷകർക്ക് നേരിട്ട് സഹായം എത്തിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ പദ്ധതിയാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്- വോയ്സ്)

****************

**<u>ലക്ഷദ്വീപ്- കീർത്തിവർധൻ സിംഗ്</u>**

കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗ് ലക്ഷദ്വീപിൽ 'വികസിത ഭാരത് സങ്കൽപ്പ് സമ്മേളനത്തെ' അഭിസംബോധന ചെയ്തു. ദ്വീപുകളിലെ മത്സ്യബന്ധന മേഖലയെ

ശക്തിപ്പെടുത്തുന്നതിനായി 'പ്രധാനമന്ത്രി മത്സ്യസമ്പദ യോജന'യ്ക്ക് കീഴിൽ 60 കോടിയിലധികം രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. 2047-ഓടെ രാജ്യം ലക്ഷ്യമിടുന്ന 'വികസിത ഭാരതം' യാഥാർത്ഥ്യമാക്കാനുള്ള പ്രയാണത്തിൽ ലക്ഷദ്വീപിലെ ജനങ്ങൾ സജീവ പങ്കാളികളാണെന്നും കേന്ദ്രമന്ത്രി ഓർമ്മിപ്പിച്ചു. കവരത്തിയിൽ സ്കൂളുകളിൽ നടന്ന പ്രവേശനോത്സവത്തിലും കേന്ദ്ര സഹമന്ത്രി പങ്കെടുത്തു.

****************

## നീറ്റ്- പുന പരീക്ഷ

നാളെ നടക്കുന്ന നീറ്റ്-യു.ജി പുനഃപരീക്ഷയ്ക്ക് മുന്നോടിയായി നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഇന്ന് രാജ്യവ്യാപകമായി മോക്ക് ഡ്രിൽ നടത്തി. പരീക്ഷാ കേന്ദ്രങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നടത്തിയ മോക് ഡ്രില്ലിൽ രാജ്യത്തുടനീളം രണ്ടര ലക്ഷത്തി അമ്പതിനായിരത്തിലധികം സുരക്ഷാ ജീവനക്കാരാണ് പങ്കെടുത്തത്. ഇന്ത്യയിലെ 551 നഗരങ്ങളിലും വിദേശത്തെ 14 നഗരങ്ങളിലുമായി 22 ലക്ഷത്തി 79 ആയിരത്തിലധികം ഉദ്യോഗാർത്ഥികളാണ് നാളെ പരീക്ഷ എഴുതുന്നത്. സുതാര്യത ഉറപ്പാക്കാനായി സി.സി.ടി.വി നിരീക്ഷണം, ബയോമെട്രിക് പരിശോധന, പരീക്ഷാ സാമഗ്രികൾ കൊണ്ടുപോകുന്നതിനായി പോലീസ് സുരക്ഷയോടെയുള്ള ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങൾ എന്നിവയടങ്ങുന്ന ശക്തമായ ബഹുതല സുരക്ഷാ സംവിധാനമാണ് എൻ.ടി.എ ഒരുക്കിയിരിക്കുന്നത്. നാളെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകിട്ട് 5:15 വരെ ഓഫ്‌ലൈൻ രീതിയിലാണ് പുനഃപരീക്ഷ നടക്കുക.

****************

## നീറ്റ് -ഗതാഗത നിയന്ത്രണം - തിരുവനന്തപുരം

നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം നഗരത്തിൽ നാളെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. രാവിലെ 9.30 മുതലാണ് നിയന്ത്രണം .

RNU TVPM

****************

## <u>പകർച്ചവ്യാധി : മന്ത്രി കെ. മുരളീധരൻ</u>

സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ജനകീയ പ്രതിരോധ പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് മന്ത്രി കെ. മുരളീധരൻ. പകർച്ചവ്യാധി നിയന്ത്രണത്തിനായി രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ യോഗം തിരുവനന്തപുരം പി ഡബ്ല്യു ഡി റസ്റ്റ് ഹൗസിൽ ഉദ്ഘടനം ചെയ്യുകയായിരുന്നു മന്ത്രി. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതോടൊപ്പം ശാസ്ത്രീയമായി സംസ്കരിക്കണമെന്നും അതിനായി മാലിന്യസംസ്കരണ യൂണിറ്റുകൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ വീടുകളിലും സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്താനും നിർദേശം നൽകി.

****************

## <u>യോഗാദിനം</u>

അന്താരാഷ്ട്ര യോഗ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങൾ രാജ്യത്ത് പുരോഗമിക്കുന്നു. കൊൽക്കത്തയിൽ നാളെ നടക്കുന്ന യോഗ ദിനാചരണ പരിപാടികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകും. "ആരോഗ്യകരമായ വാർദ്ധക്യത്തിന് യോഗ"

എന്നതാണ് ഇത്തവണത്തെ പ്രമേയം. യോഗ ദിനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ ആരോഗ്യമന്ത്രി കെ മുരളീധരൻ തിരുവനന്തപുരത്ത് നിർവഹിക്കും.

****************

## <u>യോഗ-സ്പീക്കർ</u>

യോഗ അന്താരാഷ്ട്ര തലത്തിൽ സ്വീകരിക്കപ്പെടുന്നത് അഭിമാനാർഹമാണെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ആയുഷ് മിഷനും ഭാരതീയ ചികിത്സാവകുപ്പും ഹോമിയോപ്പതി വകുപ്പും ചേർന്ന് കോട്ടയത്ത് നടത്തിയ യോഗ ദിനാഘോഷ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

RNUTVPM

യോഗ ദിനാചരണത്തിൻറെ ഭാഗമായി ജില്ലയിലെ മുഴുവൻ ആയുർവേദ, ഹോമിയോപ്പതി ചികിത്സാസ്ഥാപനങ്ങളിലും ഒരാഴ്ച നീളുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

****************

## യോഗ ദിനം പാങ്ങോട് മിലിട്ടറി സ്റ്റേഷൻ

തിരുവനന്തപുരം പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. പാങ്ങോട് മിലിട്ടറി സ്റ്റേഷൻ കമാൻഡർ ബ്രിഗേഡിയർ അനുരാഗ് ഉപാധ്യായ, മിലിട്ടറി സ്റ്റേഷനിലെ കമാൻഡർമാർ, സൈനികർ അവരുടെ കുടുംബാംഗങ്ങൾ തുടങ്ങിയവർ കുളച്ചൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച യോഗ അഭ്യാസങ്ങളിൽ പങ്കെടുത്തു.

****************

## സെൻസസ്

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന സെൽഫ് എന്യൂമറേഷന് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

RNU TVPM

****************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്നത്തെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

****************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ 'മൻ കി ബാത്ത്'-ലേക്ക് ജനങ്ങൾക്ക് ആശയങ്ങളും നിർദ്ദേശങ്ങളും പങ്കുവെക്കാം. 1800-11-7800 എന്ന

ടോൾ ഫ്രീ നമ്പറിലേക്ക് വിളിച്ച് സന്ദേശങ്ങൾ ഹിന്ദിയിലോ ഇംഗ്ലീഷിലോ റെക്കോർഡ് ചെയ്യാവുന്നതാണ്.

****************

## <u>മഴ-സംസ്ഥാനം</u>

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ എട്ട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കേരള, - ലക്ഷദ്വീപ് തീരങ്ങളിൽ നാളെയും മറ്റന്നാളും കർണാടക തീരത്ത് നാളെ മുതൽ ചൊവ്വാഴ്ചവരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

****************

## <u>കള്ളക്കടൽ</u>

RNU TVPM

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് കാപ്പിൽ മുതൽ പൊഴിയൂർ വരെയുള്ള തീരങ്ങളിലും, കന്യാകുമാരി തീരത്തും ഇന്ന് അർധരാത്രി വരെ ഉയർന്ന തിരമാലയ്ക്കും, കടലാക്രമണത്തിനും സാധ്യതയെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും നിർദ്ദേശമുണ്ട്.

****************

## <u>നെഹ്റു ട്രോഫി-ടിക്കറ്റ് വിൽപ്പന (ഇൻട്രോ)</u>

നെഹ്റു ട്രോഫി വള്ളംകളിയുടെ ടിക്കറ്റ് വിൽപ്പനയ്ക്ക് സർക്കാർ അനുമതി നൽകി. ഇത്തവണത്തെ വള്ളം കളിക്കായി ആലപ്പുഴയിൽ ഒരുക്കങ്ങൾ തുടങ്ങി കഴിഞ്ഞു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ. രവികുമാർ.**
**(വോയ്സ്)**

****************

## <u>ക്രിക്കറ്റ്</u>

ഇന്ത്യ-അഫ്ഗാനിസ്ഥാൻ  ഏകദിന ക്രിക്കറ്റ് പരമ്പരയിലെ  അവസാന മത്സരത്തിൽ ഇന്ത്യക്കു 219 റൺ വിജലക്ഷ്യം.

ടോസ് നേടിയ അഫ്ഗാൻ ബാറ്റിംഗ് തെരഞ്ഞെടുക്കുകയായിരുന്നു.  ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 10 ഓവറിൽ വിക്കറ്റ് ഒന്നും നഷ്ടപ്പെടാതെ 86 റൺ എന്ന നിലയിലാണ്.

****************

## <u>ഫിഫ</u>

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ഇന്ന് നെതർലന്റ്സ് സ്വീഡനെ നേരിടും. ഇന്ത്യൻ സമയം രാത്രി 10.30ന് ടെക്സാസിലെ ഹൂസ്റ്റണിലാണ് മത്സരം. പുലർച്ചെ 1.30ന് നടക്കുന്ന മത്സരത്തിൽ ജർമ്മനി ഐവറി കോസ്റ്റുമായി ഏറ്റുമുട്ടും. നാളെ രാവിലെ 5.30നാണ് ക്യുറസാവോ ഇക്വഡോർ പോരാട്ടം.

****************

## <u>മയക്കുമരുന്ന് - രമേശ് ചെന്നിത്തല</u>

ലഹരിമരുന്ന് പ്രതിരോധത്തിനായി അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

****************

**********

*****

RIU TVM